**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1409** **11-09-2023 - ൽ മറുപടിയ്ക്ക്**

**കേരള ടൂറിസത്തിന് ആയുർവേദത്തിന്റെ കൈത്താങ്ങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മെഡിക്കൽ ടൂറിസം ലോകത്താകമാനം വളർന്നുവരുന്ന സാഹചര്യത്തിൽ ആയുർവേദ പാരമ്പര്യ ചികിത്സാ രംഗത്ത് കേരളത്തിന്റെ സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മെഡിക്കൽ ടൂറിസത്തിന്റെ വളർച്ചയ്ക്ക് അനുസരിച്ച് കേരളത്തിന്റെ സാധ്യതകൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നു. |
| (ബി) | മൺസൂൺ കാലത്ത് ആയുർവേദ ചികിത്സ തേടി വിനോദസഞ്ചാരികൾ കേരളത്തിലേക്ക് എത്തുന്നതിനുള്ള സാധ്യതകൾ കണക്കിലെടുത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും പ്രചാരണ പരിപാടികൾ നടത്തുന്നു. കൂടാതെ മൺസൂൺ കാലത്ത് വിനോദ സഞ്ചാര കേന്ദ്രങ്ങളിലുള്ള ആയുർവേദ സ്ഥാപനങ്ങളിലെല്ലാം അതിഥികളെ സ്വീകരിക്കുന്നതിന് മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട് . |
| (സി) | കേരളത്തിന്റെ ഏറ്റവും മികച്ച ടൂറിസം ഉല്പന്നങ്ങളിൽ ഒന്നായി ആയുർവേദ ചികിത്സയെ മാറ്റുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ടൂറിസം മേഖലയിൽ ആയുർവേദ വെൽനെസ്സും ചികിത്സയുമായും ബന്ധപ്പെട്ട് കേരളത്തിലേക്ക് കൂടുതൽ ആളുകൾ എത്തുന്നുണ്ട് . മെഡിക്കൽ ടൂറിസവുമായി ബന്ധപ്പെട്ട് ഒരു വിദേശ പൗരൻ ശരാശരി 14 ദിവസത്തോളം കേരളത്തിൽ കഴിയുന്നതായി കേന്ദ്രസർക്കാർ വിലയിരുത്തിയിട്ടുണ്ട് . കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിലെ മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള ആയുർവേദ ഹോസ്പിറ്റൽ-കം-ഹെൽത്ത് റിസോർട്ടുകൾ ധാരാളമായി പ്രവർത്തിക്കുന്നുണ്ട് . കൂടാതെ എല്ലാ റിസോർട്ടുകളിലും, 4സ്റ്റാർ മുതലുള്ള മിക്ക ഹോട്ടലുകളിലും ആയുർവേദ പഞ്ചകർമ്മ ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട് . ഇത്രയും വിപുലമായി അടിസ്ഥാന സൗകര്യങ്ങൾ വികസിച്ചതിന്റെ ഭാഗമായി മികച്ച ടൂറിസം ഉൽപ്പന്നമായി ആയുർവേദ ചികിത്സയെ മാറ്റിയെടുക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട് . |
| (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവേദ | (ഡി) | ടൂറിസം വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാരിന്റെ പൂർണ്ണ നിരീക്ഷണത്തിൽ കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | ഗോൾഡ് , സിൽവർ , പ്ലാറ്റിനം ഗ്രേഡിംഗുകൾ നൽകിയിട്ടുണ്ട് . ഈ ക്ലാസിഫിക്കേഷൻ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട് . |
| (ഇ) | ആയുർവേദ ചികിത്സയുടെ പേരിൽ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഇ) | ആയുർവേദ സെന്ററുകൾക്ക് ക്ലാസിഫിക്കേഷൻ നൽകി ടൂറിസം വകുപ്പിന്റെ keralatourism.org എന്ന വെബ്സൈറ്റിൽ അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ